പ്രൊഫ. ഡോ. കെ.എൻ. ചന്ദ്രശേഖരൻ പിള്ള അന്തരിച്ചു

കൊച്ചി: പ്രമുഖ നിയമജ്ഞനും അദ്ധ്യാപകനുമായ പ്രൊഫ. ഡോ. കെ.എൻ. ചന്ദ്രശേഖരൻപിള്ള (81) അന്തരിച്ചു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) മുൻ നിയമ ഫാക്കൽറ്റി ഡീനും സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ മുൻ ഡയറക്ടറുമായിരുന്നു. ന്യൂദൽഹിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ട്, ഭോപാലിലെ നാഷണൽ ജുഡീഷ്യൽ അക്കാദമി എന്നിവയുടെ മുൻ ഡയറക്ടറുമായിരുന്നു പ്രൊഫ. കെ.എൻ.സി. പിള്ള.

ഭാരത നിയമങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും പുസ്തകങ്ങളും രചിച്ചിട്ടുള്ള നിയമപണ്ഡിതനതായ അദ്ദേഹം കുസാറ്റ് സെന്റർ ഫോർ ഐപിആർ സ്റ്റഡീസിന്റെ ആദ്യ ഡയറക്ടറായിരുന്നു. 1974ലെ ബാബു പ്യാരേലാൽ മെമ്മോറിയൽ പ്രൈസും ദൽഹി യൂണിവേഴ്സിറ്റി ലോ യൂണിയൻ പ്രൈസും നേടിയിട്ടുള്ള അദ്ദേഹം നിയമത്തിൽ രണ്ട് ബിരുദങ്ങൾ നേടിയിട്ടുണ്ട്. ആദ്യത്തെ എൽഎൽബിയും എൽഎൽഎമ്മും ദൽഹി സർവകലാശാലയിൽ നിന്നും, രണ്ടാമത്തെ എൽഎൽഎമ്മും എസ്ജെഡിയും യുഎസിലെ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ലോ സ്കൂളിൽ നിന്നും കരസ്ഥമാക്കി. എൽഎൽഎമ്മിൽ ഒന്നാം റാങ്ക് ജേതാവുമായിരുന്നു. സുപ്രീംകോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ച ശേഷം അദ്ദേഹം ദൽഹി യൂണിവേഴ്സിറ്റിയിലെ കാമ്പസ് ലോ സെന്ററിലും പിന്നീട് കുസാറ്റിലും അദ്ധ്യാപന ജീവിതം ആരംഭിച്ചു.

ഇന്ത്യൻ ലോ കമ്മിഷനിലെ പാർട്ട് ടൈം അംഗം, കുസാറ്റിന്റെ സിൻഡിക്കേറ്റ് അംഗം, നുവാൽസിന്റെ അക്കാദമിക് കൗൺസിൽ അംഗം എന്നി നിലകളിൽ പ്രവർത്തിച്ചു. ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾ ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായ പ്രൊഫ. പിള്ള, ലഖ്നൗവിലെ സുപ്രീം കോടതി കേസുകളുടെ ജേണൽ വിഭാഗം, ദില്ലിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ട് ജേണൽ ഉൾപ്പെടെ വിവിധ നിയമ ജേണലുകളുടെ എഡിറ്ററുമായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ലോ റിവ്യൂ, അക്കാദമി ലോ റിവ്യൂ, കേരള ബാർ കൗൺസിൽ ന്യൂസ്, ബാംഗ്ലൂർ ലോ ജേർണൽ എന്നിവയുടെ എഡിറ്റോറിയൽ ബോർഡ് അംഗവുമായിരുന്നു. ആലപ്പുഴ സ്വദേശിയായ പ്രൊഫ. പിള്ള കുടുംബസമേതം കളമശ്ശേരിയിലാണ് താമസിച്ചിരുന്നത്. ഭാര്യ വിജയമ്മ. മകൾ തൃപ്തി. സംസ്കാരം നടത്തി.

ചൂരൽമല ദുരന്തം
പുനരധിവാസത്തിന് മിച്ചഭൂമി ഏറ്റെടുക്കാതെ സർക്കാർ

സ്വന്തം ലേഖകൻ

കോഴിക്കോട്: ചൂരൽമല ദുരന്തത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നിയമക്കുരുക്കിൽ പെട്ട് വൈകുമ്പോഴും നിയമപ്രകാരം ഏറ്റെടുക്കാൻ കഴിയുന്ന ഭൂമി പോലും ഏറ്റെടുക്കാതെ സർക്കാർ. 1972ൽ ആരംഭിച്ച കേസിൽ 290 ഏക്ര മിച്ചഭൂമി വയനാട്ടിൽ സർക്കാരിന് നിയമപ്രകാരം ഏറ്റെടുക്കാവുന്നതാണ്. വൈത്തിരി താലൂക്കിലെ കോട്ടപ്പടി, വെള്ളരിമല വില്ലേജുകളിലായുള്ള 200.23 ഏക്ര മിച്ചഭൂമി കൈവശം വെച്ചിരിക്കുന്നത് ബോച്ചെ ഭൂമിപുത്ര കമ്പനിയാണ്. മിച്ചഭൂമിയുടെ കൈമാറൽ അസാധുവാണെന്ന നിയമം നിലവിലിരിക്കെയാണ് രാജഗിരി റബർ ആൻഡ് പ്രൊഡ്യൂസ് കമ്പനി 200.23 ഏക്ര മിച്ചഭൂമി കൂടി ഉൾക്കൊള്ളുന്ന 860.07 ഏക്കർ തോട്ടഭൂമി ബോച്ചെ ഭൂമിപുത്രയ്ക്ക് കൈമാറിയത്. രാജഗിരിക്കു വേണ്ടി ഡയറക്ടർ കെ. സുരേഷാണ് ഭൂമിപുത്ര പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് വേണ്ടി ഡയറക്ടർ ലിജോ മുത്തേടന് തീറ് നല്കിയത്.

2016 സപ്തം. 27ന് വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ് നടപടി പ്രകാരം 290.85 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഈ മിച്ച ഭൂമിയാണ് അനധികൃതമായി കൈമാറിയിരിക്കുന്നത്. ഭൂപരിഷ്കരണ നിയമം ലംഘിച്ച് നടപ്പാക്കിയ ക്രയവിക്രയങ്ങൾ റദ്ദ് ചെയ്യാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. മിച്ചഭൂമിയായി പ്രഖ്യാപിച്ച ഭൂമി വിൽപ്പന നടത്തിയത് നിയമ പ്രകാരം അസാധുവാണെന്നിരിക്കെയാണ് ഭൂമിപുത്രക്ക് രാജഗിരി ഭൂമി കൈമാറ്റം നടത്തിയത്.

രാജഗിരി എസ്റ്റേറ്റുമായുള്ള കേസിൽ 1976 ൽ 680.96 ഏക്കർ ഭൂമി മിച്ചഭൂമിയായി കണ്ടെത്തിയിരുന്നു. പിന്നീടുണ്ടായ സിവിൽ റിവിഷൻ പെറ്റീഷനടക്കമുള്ള നിയമ നടപടികൾക്ക് ശേഷമാണ് 1994ൽ താലൂക്ക് റവന്യൂ ബോർഡ് കോഴിക്കോട്, വയനാട് ജില്ലകളിലായി 290.85 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചത്. പിന്നീടുള്ള ഉത്തരവ് പ്രകാരം കമ്പനിയുടെ കോഴിക്കോട് ജില്ലയിലെ രാരോത്ത് വില്ലേജിലെ 90.62 ഏക്കർ ഭൂമിക്ക് പകരം കോട്ടപ്പടി വില്ലേജിൽ നിന്ന് ഏറ്റെടുക്കാമെന്ന ഉത്തരവുണ്ടായത്. തുടർന്നുണ്ടായ നിയമനടപടികൾക്ക് ശേഷം 1994ലെ ഉത്തരവ് പ്രകാരമുള്ള 290.85 ഏക്കർ മിച്ചഭൂമി പതിച്ചു നല്കുന്നതിന് തടസമില്ലെന്നും തോട്ടഭൂമി അനധികൃതമായി തരം മാറ്റിയിട്ടുണ്ടെങ്കിൽ 4 മാസത്തിനകം തീരുമാനമെടുക്കണമെന്നും കോടതി നിർദേശിച്ചു. ഈ ഭൂമിയാണ് നിയമങ്ങൾ കാറ്റിൽ പറത്തി കൈമാറ്റം ചെയ്തത്.

ഈ കൈമാറ്റം റദ്ദാക്കി ഭൂമി ഏറ്റെടുക്കാൻ സർക്കാർ മുതിരുന്നില്ലെന്ന് മാത്രമല്ല ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടഭൂമി നഷ്ടപരിഹാരം നല്കി ഏറ്റെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ദുരന്ത നിവാരണ നിയമപ്രകാരം സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ അനുവദിച്ച സിംഗിൾ ബഞ്ച് വിധി നിയമവിരുദ്ധമാണെന്ന് വാദിച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് ഹൈക്കോടതിയിൽ അപ്പീൽ നല്കിയിരിക്കുകയുമാണ്. തോട്ടഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിനാണെന്ന് വാദിച്ച് സർക്കാർ തന്നെ വിവിധ കോടതികളിൽ കേസ് നൽകിയിട്ടുണ്ട്. ഇതിനിടയിലാണ് സ്വന്തമെന്നവകാശപ്പെടുന്ന ഭൂമി നഷ്ടപരിഹാരം നല്കി ഏറ്റെടുക്കാമെന്ന് സ്വയം സർക്കാർ ഹൈക്കോടതിയിൽ ഉറപ്പു നല്കിയിരിക്കുന്നത്.

ഒൻപതാം ക്ലാസ് വിദ്യാർത്ഥിയെ സഹപാഠികൾ ക്ലാസ് മുറിയിൽ നഗ്നനാക്കി പീഡിപ്പിച്ചതായി പരാതി
ദൃശ്യം സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു

പാലാ: ഒൻപതാം ക്ലാസ് വിദ്യാർത്ഥിയെ സഹപാഠികൾ ചേർന്ന് ക്ലാസ് മുറിയിൽ നഗ്നനാക്കി ദൃശ്യം സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു എന്ന് പരാതി. പീഡനത്തിനിരയായ കുട്ടിയുടെ രക്ഷിതാവ് ഇതു സംബന്ധിച്ച് പാലാ പോലീസിലാണ് പരാതി നൽകിയത്. വിശദമായ അന്വേഷണം നടത്തി നടപടി എടുക്കുമെന്ന് പോലീസ് പറഞ്ഞു. വിദ്യാർത്ഥിയെ ബലമായി പിടിച്ചുവച്ചശേഷം വസ്ത്രങ്ങൾ ഊരി മാറ്റുകയും എതിർക്കാൻ ശ്രമിച്ചപ്പോൾ നിലത്തുവീണ വിദ്യാർത്ഥിയെ സഹപാഠികളായ രണ്ടുപേർ ചേർന്ന് പിടിച്ചുവച്ച് ഉപദ്രവിക്കുകയായിരുന്നു എന്നും പരാതിയിൽ പറയുന്നു. പാലായിലെ ഒരു പ്രമുഖ സ്കൂളിലാണ് സംഭവം.

പുഷ്പ എന്ന തമിഴ് സിനിമയിൽ നായകനെ നഗ്നനാക്കുന്നതിന്റെ ദൃശ്യങ്ങൾ അനുകരിച്ച് വീഡിയോ എടുക്കുകയും ഇതിനായി വിദ്യാർത്ഥിയെ നഗ്നനാക്കി പീഡിപ്പിക്കുകയുമായിരുന്നു എന്നാണ് സ്കൂൾ അധികൃതർ പറയുന്നത്. സഹപാഠികളായ ഏഴ് പേർക്കെതിരെയാണ് രക്ഷിതാവ് പോലീസിൽ പരാതി നല്കിയിരിക്കുന്നത്. ക്ലാസ് മുറിയിൽ അദ്ധ്യാപകരില്ലാത്ത സമയങ്ങളിലാണ് ഇത്തരത്തിൽ നഗ്നരാക്കുകയും ദൃശ്യങ്ങൾ പകർത്തുകയും ചെയ്തതെന്ന് കരൂർ സ്വദേശിയായ രക്ഷിതാവ് പറഞ്ഞു. കുട്ടികളെ ക്ലാസിൽ നിന്ന് പുറത്താക്കുന്നതുൾപ്പടെയുള്ള ശിക്ഷണ നടപടികളെടുക്കുമെന്നാണ് സ്കൂൾ അധികൃതർ രക്ഷിതാക്കളെ അറിയിക്കുന്നത്. വെള്ളിയാഴ്ച രാവിലെ സ്കൂൾ മാനേജരും നഗരസഭാ കൗൺസിലറുമടങ്ങുന്ന എത്തിക്സ് കമ്മിറ്റി വിളിച്ചുചേർത്ത് കർശന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു. ചൈൽഡ്ലൈൻ അധികൃതരെയും വിദ്യാഭ്യാസ അധികതരെയും വിവരമറിക്കുകയും ചെയ്തുവെന്നും പറയുന്നു.

രാഹുൽ ഈശ്വറിനെതിരെ കേസ്

കോഴിക്കോട്: ചാനൽ ചർച്ചയിലെ രാഹുൽ ഈശ്വറിന്റെ സ്ത്രീവിരുദ്ധ പരാമർശത്തിൽ കേരള സംസ്ഥാന യുവജന കമ്മിഷൻ കേസെടുത്തു. ഹണി റോസിന് എതിരെയുള്ള പരാമർശത്തിൽ ദിശ സംഘടന നല്കിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് എടുത്തത്.

സാമൂഹ്യമാധ്യമങ്ങളിലൂടെ സ്ത്രീകളെ നിരന്തരം അപമാനിക്കുന്ന ആളാണ് രാഹുൽ ഈശ്വർ. ചാനൽ സംവാദത്തിൽ ഇയാളെ വിളിച്ചുവരുത്തുമ്പോൾ മാധ്യമങ്ങൾ ശ്രദ്ധിക്കണം. അങ്ങനെ വിളിച്ചുവരുത്തിയാൽ രാഹുൽ ഈശ്വർ പറയുന്ന കാര്യങ്ങളുടെ ഉത്തരവാദിത്വം മാധ്യമങ്ങൾക്കും ഉണ്ടാകും. ഇത്തരക്കാരെ പൊതുവേദിയിൽ നിന്ന് മാറ്റി നിർത്തണമെന്നും കമ്മിഷൻ അധ്യക്ഷൻ എം. ഷാജർ പറഞ്ഞു.

കേസ് പരിഗണിക്കുന്നത് മാറ്റി

കോഴിക്കോട്: സുരേഷ് ഗോപിക്കെതിരെ മാധ്യമപ്രവർത്തക നല്കിയ കേസ് പരിഗണിക്കുന്നത് മാർച്ച് 24 ലേക്ക് മാറ്റി. കോഴിക്കോട് ജുഡീ. മജിസ്ട്രേറ്റ് കോടതി നാല് ആണ് കേസ് പരിഗണിക്കുന്നത്. കുറ്റപത്രം റദ്ദാക്കണമന്നാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കുമെന്ന് സുരേഷ് ഗോപിയുടെ അഭിഭാഷകൻ അറിയിച്ചു.

എഥനോൾ നിർമാണ പ്ലാന്റിന് അനുമതി നല്കിയത് ചട്ടങ്ങൾ പ്രകാരം: മന്ത്രി

തിരുവനന്തപുരം: കഞ്ചിക്കോട് പുതുതായി എഥനോൾ നിർമ്മാണ പ്ലാന്റ് ആരംഭിക്കാൻ മന്ത്രിസഭ അനുമതി നല്കിയതിനെതിരെ ഉയർന്ന വിമർശനങ്ങളിൽ കഴമ്പില്ലെന്നും സർക്കാരിന്റെ മുൻപിൽ സമർപ്പിക്കപ്പെട്ട ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലിൽ നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചതെന്നും എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രൊപ്പോസൽ പരിശോധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരമാണ് അനുമതി നല്കിയത്. ഇപ്പോൾ ഒരു കമ്പനിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. അവർക്ക് എല്ലാ പരിശോധനകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങളെല്ലാം പാലിക്കണമെന്ന നിബന്ധനയോടെയാണ് അനുമതി നല്കിയത്, മന്ത്രി പറഞ്ഞു.

നാഷണൽ ടാലന്റ് കോണ്ടസ്റ്റ് വിജയികൾ

കൊച്ചി: കാൽക്കുലേറ്ററിന്റെ വേഗതയെ പോലും പിന്നിലാക്കുന്ന വിധത്തിൽ സംഖ്യാശാസ്ത്രത്തിൽ മിന്നുന്ന പ്രകടനങ്ങളുടെ വിസ്മയം തീർത്ത് പതിനേഴാമത് എസ്എംഎ അബാക്കസ് നാഷണൽ ടാലന്റ് കോണ്ടസ്റ്റ് കൊച്ചിയിൽ നടന്നു.

കലൂർ റിന്യൂവൽ സെന്ററിൽ നടന്ന 14 വയസ്സിൽ താഴെയുള്ളവരുടെ ദേശീയ അബാക്കസ് മത്സരം ജസ്റ്റിസ് പി.എസ്. ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. കൊച്ചി മെട്രോ എംഡി ലോക്നാഥ് ബഹ്റ മുഖ്യാതിഥിയായിരുന്നു. കേരള സിബിഎസ്ഇ മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ടി.പി.എം. ഇബ്രാഹിം ഖാൻ അധ്യക്ഷനായിരുന്നു. എസ്എം എ അബാക്കസ് ചെയർമാൻ ആർ.ജി. സുരേഷ് ബാബു മുഖ്യപ്രഭാഷണം നടത്തി. ബഹ്റിൻ ന്യൂ ഇന്ത്യൻ സ്കൂളിലെ ആഗ്നെയ് ആഷിഷും കോട്ടയം വടവാതൂർ കേന്ദ്രീയ വിദ്യാലയ റബ്ബർ ബോർഡ് സ്കൂളിലെ ഐശ്വര്യ അജിത്തും തുല്യ പോയിന്റുകൾ നേടി മെന്റൽ മാത്ത് അബാക്കസ് ഓവറൽ മത്സരം ചാമ്പ്യൻപട്ടം പങ്കിട്ടു.

ആർഐഎൻഎൽ പുനരുജ്ജീവനത്തിനായി 11,440 കോടി

ന്യൂദൽഹി: സ്റ്റീൽ മന്ത്രാലയത്തിന് കീഴിലുള്ള വിശാഖപട്ടണം രാഷ്ട്രീയ ഇസ്പാത് നിഗം ലിമിറ്റഡിന്റെ പുനരുജ്ജീവനത്തിനായി 11,440 കോടി രൂപയുടെ പദ്ധതി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണ് പദ്ധതിക്ക് അംഗീകാരം നല്കിയത്. ആർഐഎൻഎലിനുള്ള ഇൻഫ്യൂഷനിൽ ഇക്വിറ്റി മൂലധനമായി 10,300 കോടി രൂപയും പ്രവർത്തന മൂലധന വായ്പയായി 1,140 കോടി രൂപയും നല്കും. ആന്ധ്രാപ്രദേശിൽ സർക്കാരിന് കീഴിലുള്ള ഏക പ്ലാന്റാണിത്. 7.3 മെട്രിക് ടൺ ലിക്വിഡ് സ്റ്റീലിന്റെ സ്ഥാപിതശേഷിയുണ്ട്.

കാഞ്ചീപുരത്ത് മൂന്ന് വിദ്യാർത്ഥികളുടെ മൃതദേഹം തടാകത്തിൽ

കാഞ്ചിപുരം: മുഖം കത്തിക്കരിഞ്ഞ നിലയിൽ മൂന്ന് ആൺകുട്ടികളുടെ മൃതദേഹം തടാകത്തിൽ നിന്ന് കണ്ടെത്തി. തമിഴ്നാട് കാഞ്ചീപുരം ജില്ലയിലെ കാട്ടാങ്കുളത്ത് വില്ലുത്ത്വാടി ഗ്രാമത്തിലെ തടാകത്തിൽ നിന്നാണ് മൂന്നുപേരുടേയും മൃതദേഹം കണ്ടെത്തിയത്. വിശ്വ, ചത്രിയൻ, ഭരത് എന്ന് പേരുള്ള 17 വയസുകാരാണ് മരിച്ചത്. മൂവരും വലജബാദ് സ്കൂളിലെ 12-ാം ക്ലാസ് വിദ്യാർത്ഥികളാണ്. മൃതദേഹങ്ങൾക്ക് മൂന്ന് ദിവസത്തെ പഴക്കവുമുണ്ട്. ഫയർ ആൻഡ് റസ്ക്യൂ സംഘത്തിനൊപ്പം പോലീസെത്തിയാണ് മൃതദേഹങ്ങൾ കണ്ടെടുക്കുന്നത്.

മൂവരുടേയും മുഖം കത്തിക്കരിഞ്ഞ നിലയിലായിരുന്നു. ശരീരങ്ങളിൽ ഗുരുതരമായ പരിക്കുകളും കണ്ടെത്തി. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി ചെങ്കൽപട്ട് സർക്കാർ ആശുപത്രിയിലേക്ക് മാറ്റി. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഉത്തരമേരൂരിനടുത്ത് സിരുമയിലൂർ ഗ്രാമത്തിലെ ചില ഗുണ്ടാസംഘങ്ങൾക്ക് ഇവരുടെ മരണത്തിൽ പങ്കുണ്ടെന്ന് സംശയമുണ്ട്. ഇത് കേന്ദ്രീകരിച്ചും അന്വേഷണം നടന്നുവരികയാണ്.

ചരമം

nomoretsr@gmail.com

ഗോപാലൻ നായർ

അത്താണി: കുഴുപ്പുള്ളി ഗോപാലൻ നായർ (76) അന്തരിച്ചു. സംസ്കാരം നാളെ രാവിലെ 9 ന് പാറമേക്കാവ് ശാന്തിഘട്ടിൽ. ഭാര്യ: പാടാശ്ശേരി വിലാസിനി അമ്മ. മക്കൾ: ദീപ, അനുപ്. മരുമക്കൾ: രവി, ശ്രീജ.

ശ്രീധരൻ

കൈപ്പറമ്പ് : കൊള്ളന്നൂർ വേലുപറമ്പിൽ ശ്രീധരൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ചന്ദ്രിക. മക്കൾ: അജയൻ, വിജയൻ. മരുമക്കൾ: കൃഷ്ണകുമാരി, ഷൈജ..

നന്ദകുമാർ

അന്തിക്കാട്: സിവിൽ സ്റ്റേഷനു സമീപം നടുപറമ്പിൽ നന്ദകുമാർ (79) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കമലാക്ഷി. സഹോദരങ്ങൾ: അജയകുമാർ, പരേതനായ ഗോപകുമാർ.

ജോസഫ്

മാള: കടപ്പൂക്കര പടമാട്ടുമ്മൽ ജോസഫ് (97) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മേരി. മക്കൾ: ജോസിന, ജോയ്. മരുമക്കൾ: ജോസ് ലാബ്രേ. ബിൽസി.



പുരുഷോത്തമൻ

തൃശ്ശൂർ: പുത്തോൾ നേതാജി റോഡിൽ അമ്മുത്തിലകത്ത് പുരുഷോത്തമൻ(76)അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അമ്പിളി. മക്കൾ: അഭീഷ്, ശാരി മരുമക്കൾ: സിജി, സന്തോഷ്.

തങ്കമണി

ആലത്തൂർ: കാവശ്ശേരി കല്ലംപറമ്പ് അപ്പുവിന്റെ ഭാര്യ തങ്കമണി (71) അന്തരിച്ചു. മകൻ: ശരവണൻ.

ഫാത്തിമ

മുക്കം: തോട്ടുമുക്കം ദേവസ്വംകാട് ചോക്കയിൽ ഫാത്തിമ്മ (68) അന്തരിച്ചു.

ലില്ലി

ചേലക്കോട്ടുകര: തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ ടി. വി. സെബാസ്റ്റന്റെ ഭാര്യ ലില്ലി (90 കുണ്ടുകാട് നിർമ്മല ഹൈസ്കൂൾ അദ്ധ്യാപിക) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30ന് തൃശൂർ ലൂർദ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ. മക്കൾ : ഡോ. റോസ്മേരി, ആനി, ജെയ്സൺ. മരുമക്കൾ : ഡൊമിനിക് മേലേത്ത്, തോമസ് അക്കരപ്പറ്റി, ഡോ. ബെനിറ്റ ചാലിശ്ശേരി

രവീന്ദ്രനാഥൻ

ചാഴൂർ: കെ.എസ്. ഇ.ബി റിട്ട. അസി.എക്സിക്യൂട്ടീവ് എൻജിനീയർ കുഞ്ഞാലുക്കൽ കാട്ടുങ്ങൽ രവീന്ദ്രനാഥൻ (85) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ കാഞ്ചനവല്ലി. മക്കൾ: വിദ്യ, ദീപ, സാജൻ (കെ.എസ്.എഫ്.ഇ, തൃശ്ശൂർ). മരുമക്കൾ: പരേതനായ രാമദേവൻ, സത്യൻ, രമ്യ.

ലീലാവതി

പാലക്കാട്: വെണ്ണക്കര അനുഗ്രഹ കോളനി 'അക്ഷയ'യിൽ പരേതനായ വി.കെ. മണിയുടെ ഭാര്യ കെ. ലീലാവതി (78) അന്തരിച്ചു. മക്കൾ: പ്രമോദ് (അഡീ. ഇൻസ്പെക്ടർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, പാലക്കാട്, പിടിഎ പ്രസിഡന്റ്, ഗവ.മോയൻ എൽപി സ്കൂൾ), പ്രമീള (ജെപിഎച്ച്എൻ, കോങ്ങാട്), പ്രസന്ന (വെറ്ററിനറി ആശുപത്രി, മുണ്ടൂർ). മരുമക്കൾ: ഉദയകുമാർ (കോൺട്രാക്ടർ), സുരേഷ്കുമാർ (സതേൺ റെയിൽവേ), രതില (അധ്യാപിക, ഗവ. മോയൻ എൽപി സ്കൂൾ).

കുഞ്ചുമുത്തു

തേങ്കുറുശ്ശി: പെരുംകുന്നം തേക്കിൻകാട്ടിൽ പുളിക്കൽ വീട്ടിൽ കുഞ്ചുമുത്തു (76) അന്തരിച്ചു. ഭാര്യ: സത്യഭാമ, മക്കൾ: പ്രകാശൻ, പ്രസാദ്, ശോഭന, ശോഭിക, മരുമക്കൾ: കുപ്പുസ്വാമി, ഉണ്ണികൃഷ്ണൻ.

രാജഗോപാലൻ നമ്പ്യാർ

പത്തിരിപ്പാല: പേരൂർ പുത്തൻ വീട്ടിൽ രാജഗോപാലൻ നമ്പ്യാർ (83) അന്തരിച്ചു. ഭാര്യ: പെരിമ്പയൂർ സരസ്വതി അമ്മ. മക്കൾ: ജയശ്രീ, ശ്രീലത, സുരേഷ് ബാബു, മരുമക്കൾ: മോഹൻ, കൃഷ്ണൻകുട്ടി, ധന്യ.

ആചാര്യ അരവിന്ദാക്ഷൻ

ഇരിങ്ങാലക്കുട: പുല്ലൂർ എടക്കാട് ശിവക്ഷേത്രത്തിന് സമീപം കാട്ടിലപറമ്പിൽ ആചാര്യ അരവിന്ദാക്ഷൻ (ജോത്സ്യൻ 61) അന്തരിച്ചു. സംസ്കാരം നടത്തി. ഭാരദ്യ: ലീന. മക്കൾ: കൃഷ്ണപ്രസാദ്. അപർണ. അക്ഷയ്. മരുമകൾ: അക്ഷര..

തിമോത്തി

മിണാലൂർ: തെക്കേക്കര കാളത്തോട്ടുകാരൻ തിമോത്തി(84) അന്തരിച്ചു . സംസ്കാരം ഇന്ന് രാവിലെ 9ന് അത്താണി പരിശുദ്ധ വ്യാകുല മാതാവിൻ ദേവാലയത്തിൽ. ഭാര്യ: ആനി. മക്കൾ: ലിന്റി, പരേതയായ വെന്റി , ലിന്റോൻ. മരുമക്കൾ: ജോഷി, ആന്റണി.

ലീല

എലത്തൂർ: ചെട്ടികുളം പുറായിൽ ലീല (68) അന്തരിച്ചു. ഭർത്താവ്: പുറായിൽ ചന്ദ്രൻ. മക്കൾ: റിജേഷ്, റിലേഷ്. മരുമക്കൾ: ഷിനിജ, ഷിജി. സഞ്ചയനം: ശനി.

അജയൻ

ആലത്തൂർ: കാവത്തക്കളം പരേതനായ പൊന്നുവിന്റെ മകൻ അജയൻ (33) അന്തരിച്ചു. ഭാര്യ: സുബിന. മകൻ: ആദിക്ക്. സഹോദരി: അജിത, മനോജ് കടുക്കാംകുന്നം.

പൊന്നു

മുട്ടിക്കുളങ്ങര: കുളത്തിങ്കൽ വീട്ടിൽ പരേതനായ കണ്ടൻ ഭാര്യ പൊന്നു (88) അന്തരിച്ചു. മക്കൾ: സുബ്രഹ്മണ്യൻ, സേതുമാധവൻ, ജനാർദ്ദനൻ, പത്മിനി. മരുമക്കൾ: രാമൻകുട്ടി (പൊന്നു), കനകവല്ലി, ലത. സംസ്കാരം ഇന്ന് രാവിലെ 10.30ന് വീട്ടുവളപ്പിൽ.

നാലുവയസുകാരൻ കുളത്തിൽ മുങ്ങി മരിച്ചു

കുറ്റനാട്: കപ്പൂർ പഞ്ചായത്തിലെ മാരായംമാകുന്ന് പാറപ്പുറം കുളത്തിൽ നാലുവയസുകാരൻ മുങ്ങി മരിച്ചു. പാറപ്പുറം വക്കേലവളപ്പിൽ മുനീർ സഖാഫിയുടെ മകൻ മുസമ്മിൽ ആണ് മുങ്ങി മരിച്ചത്. ഇന്നലെ ഉച്ചക്ക് ശേഷമാണ് സംഭവം. വീട്ടിലുണ്ടായിരുന്ന കുട്ടിയെ കാണാതായതിനെ തുടർന്ന് വീട്ടുപരിസരത്ത് അന്വേഷിക്കുന്നതിനിടയിലാണ് വീടിനടുത്തുള്ള കുളത്തിൽ മുങ്ങിയ നിലയിൽ കണ്ടെത്തിയത്. ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മാതാവ്: ഷംലീന. സഹോദരങ്ങൾ: ഫത്തിമ്മ ലുബാബ, അഹമ്മദ് മുജ്തബ, ആമിന.

ജിഐസി ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫീസ് / ഹെഡ് ഓഫീസ്: GICHFL നാഷണൽ ഇൻഷുറൻസ് ബിൽഡിംഗ്, ആറാം നില, ജെ. ടി. റോഡ്, അസ്റ്റോറിയ ഹോട്ടലിന് സമീപം, ചർച്ച് ഗേറ്റ്, മുംബൈ, 400 020 ഫോൺ: (022) 43041900. Email: corporate@